പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 719

24/01/2018 - ൽ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളിലെ അഴിമതി

ചോദ്യം

ശ്രീ.യു. ആർ. പ്രദീപ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് എത്ര സഹകരണസ്ഥാപനങ്ങളിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടെന്നും എത്ര സ്ഥാപനങ്ങൾ ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾക്ക് വിധേയമായിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) | 2016-17 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള 229 സ്ഥാപനങ്ങൾ നടപടികൾക്ക് വിധേയമായിട്ടുണ്ട്. |
| ബി) | ജനോപകാരപ്രദമായി പ്രവർത്തിക്കേണ്ട സഹകരണ സ്ഥാപനങ്ങളിലെ അഴിമതി തുടച്ചുമാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | ബി) | സഹകരണ സംഘങ്ങളിലെ അഴിമതിയും ക്രമക്കേടും തടയുന്നതിനായി യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ, ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ എന്നിവർ സംഘങ്ങളിൽ മിന്നൽ പരിശോധനയും, വിശദ പരിശോധനയും നടത്തിവരുന്നു. യൂണിറ്റ്/ കൺകറന്റ് ആഡിറ്റർമാർ കാര്യക്ഷമമായ രീതിയിൽ സഹകരണ സംഘങ്ങളുടെ ആഡിറ്റ് നിർവ്വഹിക്കുകയും, ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ- ക്കെതിരെ സഹകരണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്. സംഘത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായതായി കണ്ടെത്തുന്ന ക്രമക്കേടുകളിൽ ഉത്തരവാദിക- ളായവരിൽ നിന്ന് സഹകരണ നിയമം ചട്ടം 68(2) പ്രകാരം സർചാർജ്ജ് നടപടികളിലൂടെ ഈടാക്കുകയും ചെയ്യുന്നു. സ്വർണ്ണ പണയ |

| | | | |
|---|---|---|---|
| | | | വായ്പകളിൽ ഈട് നൽകിയിട്ടുള്ള പണയ വസ്തുക്കളുടെ പരിശോധനയും കാലാകാല-ങ്ങളിൽ നടത്തി വരുന്നുണ്ട്. കൂടാതെ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്ന സഹകരണ വിജിലൻസ് സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ നടക്കുന്ന ക്രമക്കേടുകളിന്മേൽ ഫലപ്രദമായ രീതിയിൽ അന്വേഷണം നടത്തുകയും, സഹകരണ വിജിലൻസിൽ നിന്നും ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ